• നിരീക്ഷണം


# പാഠം ഒന്ന് : മലയാള സിനിമ

കെ.ജി. അമർനാഥ്

**കഠിനമായ ദൃശ്യപാഠങ്ങളാണ് ലളിതമായ സിനിമയുടേത്. മലയാള സിനിമ ലളിതമായ ഒരു ആഖ്യാന ശൈലി പ്രതിരോധമാർഗ്ഗമായി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. സങ്കീർണ്ണമായ വരേണ്യ ചലച്ചിത്ര ശൈലികൾ അവതരിപ്പിക്കപ്പെടുന്ന ഫിലിം ഫെസ്റ്റിവലുകളിൽനിന്നും സ്കൂളുകളിൽ നിന്നും ശരിയായ പാഠങ്ങൾ തിരഞ്ഞെടുക്കുകയും വേണം.**

മലയാള സിനിമ ഇന്ന് ഒരു ഒന്നാംപാഠ പുസ്തകത്തിന് വേണ്ടി കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പണ്ടെന്നെത്തേക്കാളും ഇന്ന് മലയാള സിനിമക്ക് ദൃശ്യാക്ഷരമാലകൾ കൂടിയേതീരൂ എന്ന അവസ്ഥ നിലവിൽവന്നു കഴിഞ്ഞു. ടെലിവിഷന്റെ വിപണന രീതികളും ചലച്ചിത്ര തിയേറ്ററുകളുടെ വിപണനരീതി കളും തമ്മിലുള്ള ഏറ്റുമുട്ടലുകളാണ് ഇതിന്റെ അടിസ്ഥാനപരമായ കാരണം. പ്രേക്ഷകർ ഇന്ന് തിയ്യേറ്ററുകളിലേക്ക് വരുന്നത് ഒരു ഗൃഹപാഠത്തിന് ശേഷമാണ്. പൂർണ്ണബോധ്യമുള്ള സിനിമകൾക്ക് വേണ്ടി അവർ സൂക്ഷ്മമായ തിരഞ്ഞെടുപ്പകളിലേർപ്പെടുന്നു. സിനിമയെ രണ്ടാംതരമാക്കുവാൻ ശേഷിയുള്ളത്ര വലിയ ദൃശ്യസ്ഥലമാണ് ടെലിവിഷൻ ഇന്ന് പ്രേക്ഷകർക്ക് നല്കുന്നത്. വരാൻ പോകുന്ന സിനിമയെക്കുറിച്ച് ടെലിവിഷൻ എന്തുപറയുന്നു എന്നത് ഇന്ന് നിർണ്ണായകമാണ്. നേരംപോക്കിന് വേണ്ടി പ്രേക്ഷകർ സിനിമ കാണുവാൻ വന്നിരുന്ന കാലത്ത് നേരംപോക്കിന് വേണ്ടി സിനിമകളും നിർമ്മിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് നേരം പോക്കാനുള്ള സ്ഥലങ്ങളല്ല തിയേറ്ററുകൾ. നേരം പോകാൻ ഒരു കുടുംബത്തിനുള്ളിലും ഇന്ന് പ്രയാസമില്ലാത്തതിനാൽ തിയേറ്ററുകളിലേക്ക് വരുന്ന പ്രേക്ഷകർ കഥ കാണുവാൻ തന്നെയാണ് വരുന്നത്, കാര്യം കാണുവാൻ എന്നും പറയാം. എന്താണ് കാര്യം എന്ന് അന്വേഷിച്ചുകൊണ്ടാണ് തിയേറ്റർ പ്രേക്ഷകർ ഓരോ ദൃശ്യത്തിലൂടെയും കടന്ന് പോകുന്നത്. പണ്ടെന്നെത്തേക്കാളും വ്യത്യസ്തമായി ഇന്ന് ഒരു ചലച്ചിത്ര സംവിധായകന് ഓരോ പ്രേക്ഷകനും ഒരു ബാധ്യതയാണ്. ഏറ്റവും ലളിതമായ ഭാഷയിൽ ഏറ്റവും പെട്ടെന്ന് പ്രേക്ഷകനുമായി വിനിമയം നടത്താൻ ശേഷിയുള്ള അഥവാ കാര്യം പറയാൻ ശേഷിയുള്ള സംവിധായകനെ ഇന്ന് പ്രേക്ഷകരുള്ളൂ. അലസമായ ടെലിവിഷൻ കാഴ്ചകൾക്ക് അവധി നല്കിയ ശേഷം വരുന്ന പ്രേക്ഷകനെ കാര്യംപറഞ്ഞ് ബോധ്യപ്പെടുത്താൻ ഇന്ന് അലസതകൊണ്ട് കഴിയില്ലെന്ന് എല്ലാതരം ചലച്ചിത്ര പ്രവർത്തകർക്കും ബോധ്യം വന്ന് കഴിഞ്ഞു. സിനിമയുടെ ദൃശ്യാക്ഷരമാലക്ക് അഥവാ ഒന്നാംപാഠ പുസ്തകത്തിന് വലിയ പ്രസക്തിയാണ് ഇന്നുള്ളത്. സിനിമയിലെ അക്ഷരത്തെറ്റുകൾക്ക് കനത്ത വില നല്കേണ്ടിവരുന്ന കാലമായതുകൊണ്ടാകാം സിനിമാക്ഷരങ്ങൾ എഴുതുവാനും കൂട്ടിയെഴുതുവാനും പഠിക്കാൻ മിനക്കെടാത്തവർക്ക് സിനിമ ഇന്ന് കൈപൊള്ളുന്ന കലയായി തീർന്നത്. ഗൃഹപാഠം ചെയ്യുവാനും വർത്തമാന യാഥാർത്ഥ്യത്തിന്റെ ക്ലാസ്സിലും ഓർമ്മയുടെ ലൈബ്രറിയിലും മിനക്കെടാൻ തയ്യാറുള്ളവർക്കോ, സിനിമ നല്കുന്നത് അനന്തസാധ്യതകളുമാണ്.

ടെലിവിഷന്റെ വിപണനശൃംഖലയാണ് സിനിമക്ക് ഇന്ന് അനന്തസാധ്യതകൾ നൽകുന്ന ഒരു ചാലകശക്തി. ഈ വിപണന ശൃംഖലയുടെ അനുബന്ധഘടകം മാത്രമാണ് ഇന്ന് സിനിമയുടെ വിപണി.



ഘടശ്രാദ്ധ/ഗിരീഷ് കാസറവള്ളി



*ഏക് ദിൻ അചാനക്* (സംവിധാനം : മൃണാൾസെൻ)

തിയേറ്ററുകളിലെ പ്രേക്ഷകരുടെ സാന്നിധ്യം പ്രവചിക്കാനാവാത്ത അനിശ്ചിതത്വം നല്കുമ്പോൾ ടെലിവിഷൻ വിപണിയുടെ പ്രേക്ഷകശൃംഖല ശരാശരി സാന്നിധ്യം ഉറപ്പു നല്കുന്നു. തിയേറ്ററുകളിൽ നല്ല രീതിയിൽ പ്രദർശിപ്പിക്കപ്പെട്ട സിനിമകൾ ടെലിവിഷൻ വിപണിയിലും നല്ലപോലെ വിറ്റുപോകുന്നു. തിയേറ്ററുകളിൽ ശരാശരി വിജയം കൈവരിച്ച സിനിമകളും ടെലിവിഷൻ വിപണിയിൽ മോശമല്ലാത്ത രീതിയിൽ വിറ്റ് പോകുന്നു. എന്നാൽ തിയേറ്ററുകളിലും ടെലിവിഷനിലും ഒരു പോലെ പരാജയം നേരിടുന്ന സിനിമകളോ ? അത്തരം സിനിമകളെ ഇന്ന് വിപണനപരമായി പരാജയം നേരിടുന്നുള്ളൂ. ചുരുക്കത്തിൽ ടെലിവിഷന്റെ വിപണനശൃംഖല ഇന്ന് സിനിമക്ക് നല്കുന്നത് തിയേറ്ററുകൾക്ക് നല്കാനാവാത്ത ഒരു മിനിമം ഗാരന്റിയാണ്. സ്വാഭാവികമായും സിനിമാവ്യവസായത്തിന് ഇത് ഗുണഫലം ചെയ്യുകയാണ് വേണ്ടത്. മധ്യവർത്തി സിനിമകൾക്കായാലും ഗൗരവമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകൾക്കായാലും ടെലിവിഷൻ വിപണനശൃംഖലയുടെ വ്യാപ്തിയും പ്രേക്ഷകബാഹുല്യവും ഗുണപരമായ ഒരു പിൻതുണയാണ് നല്കുന്നത്. എന്നാൽ ഈ ഗുണഫലം ചൂഷണം ചെയ്യുവാൻ ഇന്ന് മലയാള സിനിമക്ക് കഴിയുന്നില്ലെന്നതാണ് സത്യം. മധ്യവർത്തി സിനിമകൾക്കും ഗൗരവമുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കുന്ന സിനിമകൾക്കും വേണ്ടത്ര ഊർജ്ജം ലഭിക്കുന്ന വിപണനപരമായ ഈ കാലാവസ്ഥയിൽ മലയാളത്തിൽ ഇത്തരം ശ്രമങ്ങൾ വർഷം ചെല്ലുംതോറും കുറഞ്ഞാണ് വരുന്നത്. പ്രദർശിപ്പിക്കുവാൻ തിയേറ്ററുകൾ ലഭ്യമല്ലാത്ത കാലത്ത് മലയാള സിനിമയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള മധ്യവർത്തി സിനിമകളുടെയോ ഗൗരവബുദ്ധിയോടെയുള്ള ചലച്ചിത്രങ്ങളുടെയോ എണ്ണത്തിൽ പകുതിപോലും ഈ കാലത്ത് നിർമ്മിക്കപ്പെടുന്നില്ല. നിർമ്മിക്കപ്പെടുന്നവയാകട്ടെ തിയേറ്ററിലും ടെലിവിഷനിലും ഒരുപോലെ പരാജയം നേരിടുകയും ചെയ്യുന്നു. തിയേറ്ററുകൾ പ്രദർശനത്തിന് ലഭ്യമല്ലാത്ത കാലത്ത് നിർമ്മിക്കപ്പെട്ട മധ്യവർത്തി സിനിമകളും ഗൗരവബുദ്ധിയോടെ നിർമ്മിച്ച സിനിമകളും വ്യാപകമായി ഒരിടത്തും പ്രദർശിപ്പിക്കാതെതന്നെ സ്വന്തമായൊരു നിലനില്പ്പ് ഉണ്ടാക്കിയെടുത്തിരുന്നു. ഫിലിം സൊസൈറ്റികളിലൂടെയുള്ള പ്രദർശനങ്ങൾപോലും വിരളമായിരുന്നെങ്കിലും ഫിലിം സൊസൈറ്റി ചർച്ചകളിൽ അവ സജീവമായി പ്രത്യക്ഷപ്പെട്ടിരുന്നു. വിപണനവും പ്രദർശനവും ഒരു പോലെ അനൗപചാരികമായ ഒരു വഴിയിലൂടെ സഞ്ചരിച്ചിരുന്ന ഈ കാലഘട്ടത്തിൽ സിനിമാ നിർമ്മാണത്തിനാവശ്യമായ മൂലധനവും സ്വതന്ത്രവും അനൗപചാരികവുമായ ഉറവിടങ്ങളിൽ നിന്നും ലഭ്യമായിരുന്നു. അതുകൊണ്ടുതന്നെയാണ് തുടർന്നുള്ള അവയുടെ സഞ്ചാരവും അനൗപചാരികവും സ്വതന്ത്രവുമായത്. എന്നാൽ ഇന്ന്, അനൗപചാരികമായ സാംസ്കാരിക സദസ്സുകൾക്കും സ്വതന്ത്രമായ മൂലധനസ്രോതസ്സുകൾക്കും ഇടമില്ലാതായിക്കഴിഞ്ഞ ഇന്ന്, ചലച്ചിത്ര പ്രവർത്തകരെ കാത്തിരിക്കുന്നത് അനന്തസാധ്യതകളുള്ള വിശാലമായ വിപണിയും തികച്ചും ഔപചാരികമായ പ്രേക്ഷകസദസ്സുമാണ്. എത്ര ഗൗരവമുള്ള വിഷയമാണെങ്കിലും എത്ര സങ്കീർണ്ണമായ രാഷ്ട്രീയ പ്രശ്നമാണെങ്കിലും ഏറ്റവും ലളിതമായി, ഏറ്റവും പെട്ടെന്ന് 'കാര്യം' പറയാൻ അഥവാ കഥ 'പറയാൻ' കഴിവുള്ള ചലച്ചിത്രകാരനെ ഇന്ന് വിപണിയെ അഭിമുഖീകരിക്കുവാൻ കഴിയൂ. നിർഭാഗ്യവശാൽ കഥയും കാര്യവും ലളിതമായി പറയുവാനുള്ള ഈ കഴിവിന് പിന്നിൽ കഠിനമായ ചില ദൃശ്യപാഠങ്ങളുണ്ട്. മാധ്യമത്തിനകത്തും പുറത്തും ഒരുപോലെ ലളിതമായി ജീവിക്കുന്നവനെ അഥവാ ചിന്തിക്കുന്നവനെ ഈ പാഠങ്ങൾക്കകത്തേക്ക് പ്രവേശിക്കുവാനാകൂ. മാധ്യമവിപണിയുടെ മൂലധന വ്യവസ്ഥകൾ എത്ര സങ്കീർണ്ണമാണെങ്കിലും അതിന്റെ അടിത്തറ വിശാലമായ പ്രേക്ഷകസദസ്സാണെന്നതിനാൽ ലാളിത്യത്തെ ഒരു പ്രതിരോധ മാർഗ്ഗമായിതന്നെ ചലച്ചിത്ര പ്രവർത്തകർ തിരിച്ചറിയേണ്ടതുണ്ട്. ഈ ലാളിത്യത്തിന്റെ സാങ്കേതികത സ്വായത്തമാക്കുവാനാണ് സിനിമയുടെ ഒന്നാം പാഠപുസ്തകം തുറന്നുനോക്കുവാൻ മലയാള സിനിമ നിർബന്ധിതമായിരിക്കുന്നത്. സിനിമയുടെ സങ്കീർണ്ണമായ വരേണ്യശൈലികൾ അവതരിപ്പിക്കുന്ന കേരളത്തിലെ ഫിലിം ഫെസ്റ്റിവലുകളിൽനിന്നും വരേണ്യമായ ദൃശ്യപാഠങ്ങൾ പഠിപ്പിക്കുന്ന ഫിലിം സ്കൂളുകളിൽനിന്നും ശരിയായ പാഠങ്ങൾ തിരഞ്ഞെടുക്കുവാൻ മലയാള സിനിമയിലെ പുതിയ തലമുറ ജാഗ്രത പാലിക്കുകയും വേണം.

അല്ലെങ്കിലോ, തിയേറ്റർ സദസ്സിനുമുന്നിലും ടെലിവിഷൻ സദസ്സിന് മുന്നിലും ഒരു പോലെ പരാജയപ്പെടുന്ന, വിപണിയെ പ്രതിരോധിക്കാനാകാത്ത, വിദേശ ഫെസ്റ്റിവലുകളിലെ അതിഥിയായി മാത്രം ഫെസ്റ്റിവലുകളിലെ അതിഥിയായി മാത്രം അറിയപ്പെടുന്ന സിനിമകൾ ഇനിയും പിറവിയെടുത്തു കൊണ്ടേയിരിക്കും.

**വാൽക്കഷ്ണം**

**ഒരു കാംപസ് ചലച്ചിത്ര ക്വിസ് പ്രോഗ്രാമിൽ കേട്ടത്**

**ചോദ്യം** : 'അഗ്രഹാരത്തിൽ കഴുത' എന്ന സിനിമയുടെ സംവിധായകൻ ആരാണ് ?

**ഉത്തരം** : അറിയില്ല

**ചോദ്യം** : 'വീക്കെൻഡ്' എന്ന ചിത്രത്തിന്റെ സംവിധായകൻ ആരാണ് ?

**ഉത്തരം** : ഴാൻ ലൂക് ഗോദാർദ്